(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കുടിശ്ശികയുടെ പേരിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ

*3 [440] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, ജി. കാർത്തികേയൻ:

,, വി. ഡി. സതീശൻ:

,, ഡി. സുഗതൻ:

,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ കുടിശ്ശികയുടെ പേരിൽ വിച്ഛേദിക്കാറുണ്ടോ;

(ബി) പ്രസ്തുത നടപടി അവസാനിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(സി) എങ്കിൽ സീസൺ കാലത്ത് കാർഷിക കണക്ഷനുകൾ വിച്ഛേദിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ, ബി & സി) കൃഷിഭവൻ മുഖാന്തിരം വൈദ്യുതി ചാർജ് അടയ്ക്കുന്ന നെൽകൃഷിക്കാർ, രണ്ട് ഹെക്ടറിൽ കുറവ് കൃഷിയിടമുള്ള കരകൃഷിക്കാർ എന്നിവരുടെ വൈദ്യുതി കണക്ഷൻ കുടിശ്ശികയുണ്ടെങ്കിലും ഇനിയൊരുത്തരവുണ്ടാകുന്നതുവരെ വിച്ഛേദിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പരിധിക്ക് പുറത്തുള്ളവരുടെ വൈദ്യുതി ബന്ധം കുടിശ്ശിക വന്നാൽ വിച്ഛേദിക്കാറുണ്ട്.

ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ തടയാൻ നടപടി

*4 [441] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്ന പ്രവണത അപകടകരമായ രീതിയിൽ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് സ്പെഷ്യൽ സ്ക്വാഡുകളെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഭക്ഷ്യവിതരണ ശൃംഖലയിൽ മായം ചേർക്കൽ തടയാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്ന പ്രവണത കുറഞ്ഞു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഫുഡ് ഇൻസ്പെക്ടർമാർ നിമയാനുസൃതം ശേഖരിച്ച ഭക്ഷ്യ സാമ്പിളുകളും അവയിൽ പരിശോധനയിൽ മായം കലർന്നതായി കണ്ടവയും ചുവടെ ചേർക്കുന്നു:

2002-03-ൽ 11731 സാമ്പിളുകൾ പരിശോധിച്ചതിൽ 407 എണ്ണവും, 2003-04-ൽ 15185 സാമ്പിളുകളിൽ 394-ഉം, 2004-05 ജനുവരി വരെ 13624 സാമ്പിളുകളിൽ 118 എണ്ണവും മായം കലർന്നതായി കണ്ടെത്തുകയുണ്ടായി.

(ബി) ആരോഗ്യ വകുപ്പിന്റെ കീഴിൽ, മായം ചേർക്കൽ തടയുന്നതിനായി ഗ്രാമ പ്രദേശത്ത് 60-ഉം, നഗര പ്രദേശത്ത് 19-ഉം, ഫുഡ് ഇൻസ്പെക്ടർമാരും 14 ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ചീഫ് ഫുഡ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മൊബൈൽ വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു.

(സി) സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റി കൂടിയായ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ മായം ചേർക്കൽ നിരോധന വിഭാഗം പ്രവർത്തിച്ചു വരുന്നു. ഓരോ ജില്ലയിലും ലോക്കൽ ഹെൽത്ത് അതോറിറ്റി കൂടിയായ ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഫുഡ് ഇൻസ്പെക്ടർമാർ നിയമാനുസൃതം ശേഖരിക്കുന്ന മായം ചേർന്നതായി സംശയിക്കുന്ന ആഹാര സാധനങ്ങളുടെ സാമ്പിൾ പരിശോധനയ്ക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധന നടത്തി അതാത് പബ്ലിക് അനലിസ്റ്റുമാർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ മായം ചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കും പ്രകാരം അതാത് പ്രദേശത്തെ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതികളിൽ കേസ് ഫയൽ ചെയ്ത് നിയമ നടപടികൾക്ക് വിധേയമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly